പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4280 24.10.2016 - ൽ മറുപടിയ്ക്ക്

## സർക്കാർ മേഖലയിൽ ഒപ്റ്റിക്കൽ വ്യവസായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു. എബ്രഹാം: | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ ഒപ്റ്റിക്കൽ വ്യവസായ രംഗത്ത് പൂർണ്ണമായും സ്വകാര്യ സ്ഥാപനങ്ങൾ മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സർക്കാർ മേഖലയിൽ മരുന്നുകൾ വിലകുറച്ചു നൽകുന്നതിനുള്ള സംരംഭങ്ങൾ വന്നതോടെ മരുന്നുകളുടെ വിലയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും മരുന്നുകൾക്ക് വിലകുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) അതേ സമയം ജനങ്ങളിൽ ഏറെ പേർ ആശ്രയിക്കുന്ന ഒപ്റ്റിക്കൽ വ്യവസായ രംഗത്തുമാത്രം സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ് |
| (ഡി) കണ്ണട ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് കണ്ണട ലഭ്യമാക്കുന്നതിനും, ഈ രംഗത്തെ ചൂഷണം ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) ദേശീയ അന്ധതാ നിയന്ത്രണ പരിപാടിയുടെ ഭാഗമായി വിദ്യാലയങ്ങളിലെ കുട്ടികളിൽ കാഴ്ച വൈകല്യമുള്ളവർക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്യുന്നുണ്ട്. എൻ.ജി.ഒ ആയി ജില്ലാ അന്ധതാ നിയന്ത്രണ സമിതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ദേശീയ അന്ധതാ നിയന്ത്രണ പരിപാടിയിൽ നിന്നുള്ള ധനസഹായമായി അനുവദിക്കുന്ന ആയിരം രൂപയിൽ നിന്ന് തിമിര ശസ്ത്രക്രിയയ്ക്ക് ശേഷം സൗജന്യമായി കണ്ണട വിതരണം ചെയ്യുന്നുണ്ട്. |

| | |
|---|---|
| (ഇ) സംസ്ഥാനത്തെ താലൂക്കാശുപത്രികൾ മുതൽ മുകളിലേക്കുള്ള മുഴുവൻ ആശുപത്രികളിലും സ്ത്രീകളുടെ നേതൃത്വത്തിൽ കുടുംബശ്രീ സംരംഭമായി ഇത്തരം ന്യായവില സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും സൗജന്യ കണ്ണ് പരിശോധന ഉൾപ്പെടെയുള്ള നടപടികൾ ആരംഭിക്കുന്നതിനും കഴിഞ്ഞാൽ സ്ത്രീകൾക്ക് ഒരു പുതിയ തൊഴിൽ മേഖല കണ്ടെത്താനും ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാനും കഴിയുമെന്നത് പരിഗണിച്ച് ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ സർക്കാർ ആശുപത്രികളിൽ വനിതകൾക്ക് സൗജന്യനിരക്കിലും സൗജന്യമായും കണ്ണട നൽകുക എന്ന ഉദ്ദേശ്യത്തോടെ 'ഷീ ഒപ്റ്റിക്കൽസ് ' എന്ന പുതിയ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും അതിന്റെ പ്രഥമസ്ഥാപനം ആലുവ ജില്ലാ ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ